# മാനവസമൂഹവും ദൈവം നൽകുന്ന രക്ഷയും

ഫാ. ജോർജ് ദാനവേലിൽ

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്തിന്റെ ഒന്നാം ഉപവിഭാഗത്തിലെ രണ്ടും മൂന്നും അദ്ധ്യായങ്ങൾ യഥാക്രമം മാനവസമൂഹത്തെ ക്കുറിച്ചും ദൈവം നല്കുന്ന രക്ഷയെക്കുറിച്ചും പ്രതിപാദിച്ചിരിക്കുന്നു. വ്യക്തിയും സമൂഹവും, സമൂഹ്യജീവിതത്തിലെ പങ്കാളിത്വം സാമൂഹ്യനീതി, ധാർമ്മികനിയമം, കൃപാവരവും നീതികരണവും, മാതാവും ഗുരുനാഥനയുമായ സഭ എന്നീ പ്രമേയങ്ങളാണ് ഈ അദ്ധ്യായങ്ങളിൽ വിശദീകരിക്കുക.

ദൈവത്തിന്റെ വിളി മനുഷ്യനുലഭിച്ചിരിക്കുന്നതു ദൈവത്തിന്റെ ഛായ പ്രതിഫലിപ്പിക്കാനും അതുവഴി ഈശോയുടെ ഛായയിലേക്കു രൂപാന്തരപ്പെടുവാനുമാണ്. ഇതു വ്യക്തിപരവും അതേസമയം സമൂഹത്തെ മുഴുവനായും ബാധിക്കുന്നതുമാണ്. സമൂഹജീവിതം നയിക്കുകയെന്നതു വ്യക്തിയെ സംബന്ധിച്ചു സ്വഭാവികവും അതേസമയം വളർച്ചയ്ക്ക് ആവശ്യവുമാണ്. വ്യക്തികളിൽ നൻമയും ഇതരമൂല്യങ്ങളും വളർത്തിയെടുക്കാൻ സമൂഹം സഹായിക്കണം. മനുഷ്യവ്യക്തിയായിരിക്കണം എല്ലാം സാമൂഹ്യ സംഘടനകളുടെയും പ്രഭവവും ലക്ഷ്യവും വിഷയവും. നീതിയുടെ പരിശീലനം ആവശ്യപ്പെടുകയും സാധ്യമാക്കുകയും ചെയ്യുന്ന സ്നേഹമാണ് ഏറ്റവും വലിയ സാമൂഹ്യകൽപന. സാമൂഹ്യവത്കരണത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ചു പഠിപ്പിക്കുന്നതോടൊപ്പം അധീനാവകാശസംരക്ഷണം (Principle of Subsidiarity) എന്നതത്വം മതബോധനഗ്രന്ഥം വിശദീകരിക്കുകയും ചെയ്യുന്നു (1883–1885).

ഏതൊരുസമൂഹത്തിനും നിലനിൽക്കാനും വളരാനും അധികാരം ആവശ്യമാണ്. പൊതുനൻമക്കായി പ്രവർത്തിക്കുമ്പോഴും അതുനേടാൻ ധാർമ്മികവും നിയമാനുസൃതങ്ങളുമായ മാർഗ്ഗങ്ങൾ ഉപയോഗിക്കുമ്പോഴുമാണ് അധികാരം നിയമാനുസൃതമായി വിനിയോഗിക്കുന്നു എന്നുപറയാൻ കഴിയുക. ന്യായമായ അധികാരികളെ ആദരിക്കാനും അനുസരിക്കാനും വ്യക്തികൾ കടപ്പെട്ടവരാണ്. കാരണം ഇതു ദൈവം നിശ്ചയിച്ച ക്രമത്തിലുള്ളതാണ്(1898–1899).

ജനങ്ങളെ ഒരു സമൂഹമെന്ന നിലയിലോ, വ്യക്തികളെന്ന നിലയിലോ കൂടുതൽ സമഗ്രമായും അനായസമായും, തങ്ങളുടെ പൂർണ്ണതയിലെത്തുന്നതിനു സഹായിക്കുന്ന സാമൂഹ്യവ്യവസ്ഥിതികളുടെ ആകെത്തുകയെയാണ് പൊതുനൻമ എന്നു മതബോധനഗ്രന്ഥം വിശേഷിപ്പിക്കുന്നത് (1906). ഇതു സത്യത്തിൽ അടിയുറച്ചതും നീതിയിൽ പണിതുയർത്തപ്പെടുന്നതും സ്നേഹത്താൽ സജീവമാക്കപ്പെട്ടതുമാകണം (1912). ഒരോരുത്തരും തങ്ങളുടെ നിലയും ധർമ്മവുമനുസരിച്ച് സമൂഹത്തിൽ പൊതുനൻമ വളർത്താനായുള്ള ശ്രമത്തിൽ പങ്കു ചേരണമെന്നും മതബോധനഗ്രന്ഥം (1913) നിർദ്ദേശിക്കുന്നു.

സാമൂഹ്യനീതിയെക്കുറിച്ചുള്ള സഭയുടെപ്രബോധനം മതബോധനഗ്രന്ഥം വ്യക്തമാക്കുന്നു. സമൂഹത്തിന്റെ പൊതുനൻമയോടും അധികാരവിനിയോഗത്തോടും സാമൂഹ്യനീതി ബന്ധപ്പെട്ടിരിക്കും. സംഘടനകൾക്കോ വ്യക്തികൾക്കോ അവരുടെ സ്വഭാവവും ദൗത്യവുമനുസരിച്ച് അർഹിക്കുന്നവ ലഭ്യമാക്കാനുള്ള സാഹചര്യങ്ങൾ സമൂഹത്തിൽ ഒരുക്കിക്കൊടുക്കുമ്പോൾ സാമൂഹ്യനീതി ഉറപ്പാകുന്നുവെന്നും മനുഷ്യവ്യക്തിയുടെ മാഹാത്മ്യം ആദരിക്കുന്നതിലൂടെ മാത്രമെ സാമൂഹ്യനീതി കൈവരികയുള്ളുവെന്നും മതബോധനഗ്രന്ഥം വിശദീകരിക്കുന്നു. ജനങ്ങളുടെ ഇടയിൽ നിരവധി ഘടകങ്ങളാൽ ഉണ്ടാകുന്നതും ദൈവീകപദ്ധതിയുടെ ഭാഗവുമായ വ്യത്യാസങ്ങളുണ്ടെന്നും ഒരോ വ്യക്തിയും തനിക്കുവേണ്ടത് മറ്റുള്ളവരിൽ നിന്നു സ്വീകരിക്കണമെന്നും സവിശേഷ താലന്തുകളാൽ അനുഗ്രഹീതരായവർ അവ മറ്റുള്ളവരുമായി പങ്കുവയ്ക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നതെന്നും മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു. ഈ വ്യത്യാസങ്ങൾ ആളുകളിൽ ഔദാര്യം, ദയ വസ്തുക്കളുടെ പങ്കുവയ്ക്കൽ എന്നിവയുടെ പരിശീലനം പ്രോത്സാഹിപ്പിക്കുകയും മിക്കപ്പോഴും അതിനു നിർബന്ധിക്കുകയും ചെയ്യുന്നു (1337–1338).

ദൈവികജ്ഞാനത്തിന്റെ പ്രവൃത്തിയെന്നാണു ധാർമ്മികനിയമത്തെ മതബോധനഗ്രന്ഥം വിശേഷിപ്പിക്കുന്നത്. വാഗ്ദാനം ചെയ്യപ്പെട്ട സൗഭാഗ്യത്തിലേക്കു നയിക്കുന്ന വഴികളും പെരുമാറ്റനിയമങ്ങളും നിർദ്ദേശിക്കുകയും ദൈവത്തിൽ നിന്നകറ്റുന്ന വഴികളെ വിലക്കുകയും ചെയ്യുക എന്നതാണ് ധാർമ്മികനിയമത്തിന്റെ ധർമ്മം. ഇതിന്റെ പൂർണ്ണതയും ഐക്യവും ക്രിസ്തുവിലാണ് കണ്ടെത്തുക (1953).

തന്റെ സൃഷ്ടാവിന്റെ സാദൃശ്യത്തിൽ രൂപീകൃതനായ മനുഷ്യൻ ദൈവത്തിന്റെ ജ്ഞാനത്തിലും നൻമയിലും നടത്തുന്ന പങ്കുപറ്റലാണു സ്വാഭാവികനിയമം. ഇതു മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തെ വ്യക്തമാക്കുകയും അവന്റെ മൗലികാവകാശങ്ങളുടെയും മൗലികകടമകളുടെയും അടിസ്ഥാനത്തെ രൂപപ്പെടുത്തുകയും ചെയ്യുന്നു (1978). നൻമയും തിൻമയും യുക്തിയിൽ വിവേചിക്കാൻ ഇത് ഒരുവനെ സഹായിക്കുന്നു.

പഴയനിയമം വെളിവാക്കപ്പെട്ട നിയമത്തിന്റെ പ്രഥമഘട്ടമാണ്. അതിന്റെ ധാർമ്മിക നിർദ്ദേശങ്ങളാണ് പത്തുപ്രമാണങ്ങളിൽ സംഗ്രഹിച്ചിരിക്കുന്നത്. പഴയനിയമം സുവിശേഷത്തിനുള്ള ഒരുക്കമാണ്. പുതിയനിയമം അഥവാ സുവിശേഷം ലോകത്തിൽ സ്വാഭാവികവും അവിഷ്കൃതവുമായ ദൈവിക നിയമത്തിന്റെ പൂർത്തീകരണമാണ്. അതു ക്രിസ്തുവിന്റെ പ്രവൃത്തിയാണ്. മലയിലെ പ്രസംഗത്തിൽ പ്രത്യേകമാംവിധം അതു പ്രകാശിതവുമാണ്. ഈശോയുടെതെന്നപോലെ പരിശുദ്ധാത്മാവിന്റേതുമാണ് പുതിയനിയമം. കാരണം പുതിയനിയമം ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ വിശ്വാസികൾക്കു നല്കപ്പെടുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരമാണ്. അതു സ്നേഹത്തിലൂടെ പ്രവർത്തിക്കുന്നു.

നാം എന്താണു ചെയ്യേണ്ടതെന്നു മലയിലെ പ്രസംഗം നമ്മെ ഉപദേശിക്കുന്നു. അതു ചെയ്യുന്നതിനുവേണ്ട കൃപാവരം കൂദാശകൾ നമുക്കു പ്രദാനംചെയ്യുന്നു. പുതിയനിയമം സ്നേഹത്തിന്റെയും കൃപാവരത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും നിയമമാണ് (1965-1966).

ദൈവസ്നേഹത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ പ്രവൃത്തിയാണ് നീതീകരണം. ഇതു പാപങ്ങളുടെ പൊറുതി മാത്രമല്ല നല്കുക, ആന്തരികമനുഷ്യന്റെ വിശുദ്ധീകരണവും നവീകരണവുംകൂടി നല്കുന്നുവെന്നു മതബോധനഗ്രന്ഥം വിശദീകരിക്കുന്നു. നമ്മുടെ നീതികരണം ദൈവത്തിന്റെ കൃപയിൽ നിന്നാണുലഭിക്കുക. ക്രിസ്തുവിന്റെ പീഡാസഹനത്തിലൂടെ നമുക്കു നീതീകരണത്തിനു യോഗ്യതലഭിച്ചു. അതു നമുക്കു മാമ്മോദീസായിലൂടെ നല്കപ്പെടുകയും ചെയ്യുന്നു.

ഏതെങ്കിലും ഒരു നല്ല പ്രവൃത്തിവഴി നേടിയെടുക്കുന്ന പ്രതിഫലമാണു പൊതുവേയോഗ്യത എന്നുപറയുന്നത്. ദൈവത്തിൽ നിന്നു നാം എല്ലാം സൗജന്യമായി സ്വീകരിക്കുന്നതുകൊണ്ട് ദൈവത്തെ സംബന്ധിച്ചിടത്തോളം മനുഷ്യനു അവനിൽത്തന്നെ ഒരുയോഗ്യതയും ഇല്ല. ക്രിസ്തുവിന്റെ സ്നേഹത്തോടുള്ള നമ്മുടെ ഐക്യംവഴി യോഗ്യതനേടാനുള്ള സാധ്യത ദൈവം നമുക്കുനല്കിയിരിക്കുന്നു. ദൈവകൃപയോടു സഹകരിച്ചു പ്രവർത്തിക്കുമ്പോൾ പരിശുദ്ധാത്മാവ് കൂടുതൽ കൂടുതൽ പ്രതിഫലം നമുക്കു നല്കും (2010-2011).

ദൈവവചനവും കൂദാശകളുടെ കൃപാവരവും ക്രൈസ്തവൻ സ്വീകരിക്കുന്നത് സഭയിൽ നിന്നാണ്. പരിശുദ്ധകന്യകാമറിയത്തിൽ നിന്നും വിശുദ്ധരുടെ ജീവിതത്തിൽ നിന്നുമാണ് അവർ വിശുദ്ധിയുടെ മാതൃക പഠിക്കുന്നത്. ഇങ്ങനെ സഭ ക്രൈസ്തവ ധാർമ്മികജീവിതത്തെ പരിപോഷിപ്പിക്കുന്നു. വിശ്വസിക്കേണ്ടതും ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതുമായ വിശ്വാസം പ്രസംഗിക്കുകയെന്നതു സഭയുടെ പ്രബോധനാധികാരത്തിന്റെ കടമയാണ്. അതിനാലാണ് മാർപാപ്പായും മെത്രാൻമാരും സഭയുടെ ഔദ്യോഗിക പ്രബോധകർ എന്ന നിലയിൽ ഇത്തരം കാര്യങ്ങളെക്കുറിച്ചു ദൈവജനത്തോടു പ്രസംഗിക്കുന്നത്. പ്രാർത്ഥനയുടെ ചൈതന്യത്തിലും കൗദാശികജീവിതത്തിലും ധാർമ്മിക സമർപ്പണത്തിലും ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹത്തിലുള്ള വളർച്ചയിലും അനുപേക്ഷണീയമായ മിനിമം കാര്യങ്ങൾ വിശ്വാസികൾക്ക് ഉറപ്പു വരുത്തുകയെന്നതാണ് സഭയുടെ അഞ്ചുകൽപനകളുടെ ലക്ഷ്യം എന്നുപറഞ്ഞ് അവയെ വിശദീകരിച്ചു കൊണ്ടാണ് മതബോധനഗ്രന്ഥത്തിന്റെ മൂന്നാംഭാഗത്തിന്റെ ഒന്നാം ഉപവിഭാഗം അവസാനിക്കുന്നത്.